**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** **31-01-2024 - ല്‍ മറുപടിയ്ക്ക്**

**അംബേദ്കര്‍ ഊര് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരന്‍ | | ശ്രീ. കെ. രാധാകൃഷ്ണന്‍<br>(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാര്‍ലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികവര്‍ഗ്ഗ കോളനികളെയാണ് അംബേദ്കര്‍ ഊര് വികസന പദ്ധതിയില്‍ ഉള്‍പ്പെടുത്തി നവീകരിക്കുന്നത് എന്ന് അറിയിക്കാമോ; ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം മലമ്പുഴ നിയോജകമണ്ഡലത്തിലെ വാദ്ധ്യാര്‍ച്ചള്ള, കൊല്ലംകുന്ന് എന്നീ പട്ടികവര്‍ഗ്ഗ കോളനികളെ 2022-23 വര്‍ഷത്തെ അംബേദ്കര്‍ സെറ്റില്‍മെന്റ് വികസന പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി മുഖേന ഓരോ കോളനിക്കും ഒരു കോടി രൂപ വീതമാണ് അനുവദിക്കുന്നത്. തുക അനുവദിക്കുന്നത് സംബന്ധിച്ചുള്ള തുടര്‍ നടപടികള്‍ സ്വീകരിച്ചു വരുന്നു. |
| (ബി) | മേല്‍പ്പറഞ്ഞ കോളനികളുടെ നവീകരണം ഏത് ഏജന്‍സി മുഖാന്തിരമാണ് നടത്തുന്നത് എന്ന് അറിയിക്കാമോ; | (ബി) | നിര്‍വ്വഹണ ഏജന്‍സികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികള്‍ പൊതുമേഖലാ സ്ഥാപനങ്ങളായ സര്‍ക്കാര്‍ അംഗീകൃത അക്രഡിറ്റഡ് ഏജന്‍സികള്‍ മുഖാന്തിരം നടത്തുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ? | (സി) | ഇല്ല.<br><br>അംബേദ്കര്‍ സെറ്റില്‍മെന്റ് പദ്ധതിയുടെ മാനദണ്ഡങ്ങള്‍ പ്രകാരം 02/09/2022 ലെ സ.ഉ(അച്ചടി)നം.104/2022/ഫിന്‍, 28/09/2022 ലെ സ.ഉ(അച്ചടി)നം.116/2022/ഫിന്‍ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള സര്‍ക്കാര്‍ അംഗീകൃത അക്രഡിറ്റഡ് ഏജന്‍സികള്‍/ അംഗീകൃത സര്‍ക്കാര്‍ ഇതര അക്രഡിറ്റഡ് ഏജന്‍സികള്‍ എന്നിവയില്‍ നിന്നും ഉചിതമായ ഏജന്‍സിയേയോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തേയോ പദ്ധതിയുടെ നിര്‍വ്വഹണ ഏജന്‍സിയായി പരിശോധിച്ച് തെരഞ്ഞെടുക്കുന്നതാണ്. മുന്‍പ് ടി പദ്ധതി ഏറ്റെടുത്ത് പൂര്‍ത്തീകരിക്കുന്നതില്‍ വീഴ്ച വരുത്തിയിട്ടില്ലാത്ത ഏജന്‍സികള്‍ക്ക് മുന്‍ഗണന നല്‍കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍